**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2556** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് പോസ്റ്റുകളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇലക്ട്രിക് പോസ്റ്റിന്റെ ഗുണനിലവാരം സംബന്ധിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നിലവിലുള്ള 8m/140kg പി.എസ്.സി പോളുകൾക്ക് പകരം 8m/200kg പി.എസ്.സി പോളുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിച്ചു. ഈ പ്രകാരം ഏകദേശം 83338 എണ്ണം 8m/200kg പി.എസ്.സി പോളുകൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 7,00,000 എണ്ണം 8m/200kg പി.എസ്.സി പോളുകൾ വാങ്ങാനുള്ള നടപടി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ആഗസ്റ്റ് അവസാനത്തോടു കൂടി 8m പി.എസ്.സി പോളുകളുടെ ക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു |
| (ബി) | ഗുണനിലവാരമുള്ള പോസ്റ്റുകൾ നിർമ്മിക്കാൻ ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയത്; എത്ര പോസ്റ്റുകളാണ് നിലവിൽ ആവശ്യമുള്ളത്; വിശദമാക്കാമോ; | (ബി) | 6,76,000 8m പോസ്റ്റുകൾ വാങ്ങുന്നതിന് 10 കമ്പനികൾക്ക് പർച്ചേസ് ഓർഡർ 2.7.2022-ന് നൽകുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | ഗുണനിലവാരമുള്ള പോസ്റ്റിന്റെ അഭാവം കാരണം പുതിയ ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ടോ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2.7.2022-ന് 6,76,000 8m പോസ്റ്റുകൾ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കരാറുകാരൻ | ആകെ എണ്ണം |
|---|---|---|
| 1 | M/s.വെള്ളക്കാമറ്റത്തിൽ, ഇൻഡസ്ട്രീസ്, കോതമംഗലം | 62169 |
| 2 | M/s.പൂജാ ഇൻഡസ്ട്രീസ്, കോട്ടയം | 25914 |
| 3 | M/s.വേണാട് സ്ട്രക്ച്ചറൽസ്, കോട്ടയം | 37975 |
| 4 | M/s.കോതമംഗലം അഗ്രഗേറ്റ്സ്, കോതമംഗലം | 84816 |
| 5 | M/s.ആങ്കർ സ്ട്രക്ച്ചറൽസ്, എറണാകുളം | 89775 |
| 6 | M/s.ശിവശക്തി എഞ്ചിനീയറിംഗ് & ഫാബ്രിക്കേറ്റേഴ്സ്, പാലക്കാട്. | 51800 |
| 7 | M/s.ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മംഗളൂർ | 66982 |
| 8 | M/s.ഇംബീരിയൽ ട്രേഡിംഗ് കമ്പനി, കന്യാകുമാരി | 51800 |
| 9 | M/s.റാഫേൽ & കമ്പനി, തൃശ്ശൂർ | 60000 |
| 10 | M/s.പിണറായി ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണൂർ. | 142625 |
| | ആകെ | 673856 |

സെക്ഷൻ ഓഫീസർ